# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുണ്ടേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/326 /2022 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-18, 1-18.1, 1-18-2, 1-18.3 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/326 /2022 തീയ്യതി: 12/04/2022

## കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 15-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-02-2022 | 25-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-02-2022 | 25-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലതവാണി എൻ.എൻ., ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേ.
ശ്രീമതി സുമതി ടി.ഒ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വനജ മാടാത്താൻക്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പങ്കജാക്ഷൻ.എ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.അനിഷ.എ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രകാശൻ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമ.കെ.ടി | കൃഷി ഓഫീസർ | 01-04-2020 | 01-06-2020 |
| ശ്രീ.കൃഷ്ണപ്രസാദ്.ടി | കൃഷി ഓഫീസർ | 02-06-2020 | 31-03-2021 |
| ഡോ.പത്മരാജ്.പി.കെ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.കെ.പി.അഷറഫ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 31-01-2021 |
| ഡോ.മറീന മാത്യൂ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-02-2021 | 31-03-2021 |
| ഡോ.വീണ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ.സുജിത്ത്.പി | വി ഇ ഒ (കാഞ്ഞിരോട് സെക്ഷൻ) | 01-04-2020 | 31-03-2021 |
| ശ്രീമതി.സീമ.ഇ | വി ഇ ഒ (മുണ്ടേരി സെക്ഷൻ) | 01-04-2020 | 31-03-2021 |
| ശ്രീമതി.മുംതാസ്.ടി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 24-01-2021 |
| ശ്രീമതി.ശ്രീലത.സി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 25-01-2021 | 31-03-2021 |
| ശ്രീ.ജയരാജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 25-06-2020 |
| ശ്രീ.മുഹമ്മദ് നിയാസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 26-06-2020 | 28-02-2021 |
| ശ്രീ.പ്രിയ.എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-03-2021 | 31-03-2021 |
| ശ്രീ.ചന്ദ്രൻ.കെ.വി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മഹിജ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| കയറ്റുകണ്ടി | | | |
| ശ്രീ.ജയൻ.എം.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജേഷ്.ടി.ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

ശ്രീ.പ്രകാശൻ കെ. (സെക്രട്ടറി), ശ്രീ.കൃഷ്ണപ്രസാദ് ടി. (കൃഷി ഓഫീസർ), ശ്രീ. മുഹമ്മദ് നിയാസ് (അസി. എഞ്ചിനീയർ) എന്നീ ഉദ്യോഗസ്ഥരെ 12.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sumathi.T.O (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sumathi.T.O (Auditor, On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sumathi.T.O (Auditor, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-7 |
| 9 | വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-7-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya M (Auditor, On 28-02-2022)<br>Last Updated By: Dhanya M (Auditor, On 28-02-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Sumathi.T.O (Auditor, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Sumathi.T.O (Auditor, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 1-10 |
| 13 | ഇ-ടെണ്ടർ- ഫീ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തത്<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-11 |
| 14 | വസ്തുനികുതി അപാകങ്ങൾ<br>Written By: Dhanya M (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-12 |
| 15 | സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-13 |
| 16 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-14 |
| 17 | | 1-15 |

| | | |
|---|---|---|
| | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | |
| 18 | തുരുമ്പെടുക്കുന്ന സി.എഫ്.എൽ.ടി.സി ഉപകരണങ്ങൾ -പുനരുപയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-16 |
| 19 | ആട് വിതരണം - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല - ചെലവ് തുക ₹ 200000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-17 |
| 20 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകങ്ങൾ<br>Written By: Dhanya M (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-18 |
| 21 | അങ്കണവാടി സമഗ്ര പരിപാടി പ്രോജക്ട് അപാകങ്ങൾ - ₹499890-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-18-1 |
| 22 | അങ്കണവാടികളിൽ അമ്മമാർക്കും കൗമാരക്കാർക്കും ലൈബ്രറി ഒരുക്കൽ പ്രോജക്ട് അപാകങ്ങൾ -₹199850-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-18-2 |
| 23 | ബാലസൗഹൃദ പ്രാദേശിക ഭരണം മെച്ചപ്പെടുത്തൽ പ്രോജക്ട് - അപാകങ്ങൾ- 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-18-3 |
| 24 | ഭിന്നശേഷിക്കാരുടെ കലാവിരുന്ന് പ്രോജക്ട്- വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല<br>Written By: Dhanya M (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-19 |
| 25 | ടെണ്ടർ ബിലോ ഈടാക്കിയതിൽ കുറവ്-₹1865 നിരാകരിക്കുന്നു.<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-20 |
| 26 | പ്രവൃത്തി ദീർഘീകരണത്തിന് കരാർ തുകയുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കാത്തത്<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-21 |
| 27 | പ്രവൃത്തി ദീർഘീകരണത്തിനും ,നിശ്ചിത സമയത്തിനകം കരാർ ചമയ്ക്കാത്തതിനും പിഴ ഈടാക്കാത്തത്<br>Written By: Lathavani (Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-22 |
| 28 | മാനേജ്മെന്റ് കമ്മിറ്റിയുടെ സമ്മതപത്രം,കരാർ എന്നിവയില്ലാതെ എയിഡഡ് സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിച്ചു-₹ 9,80,492 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-23 |
| 29 | ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കേണ്ടത് | 1-24 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | |
| 30 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പ് -അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-25 |
| 31 | പ്ലാസ്റ്റിക് സംസ്കരണത്തിന് ബെയിലിംഗ് മെഷീൻ വാങ്ങൽ -മെഷീൻ സ്ഥാപിച്ചിട്ടില്ല -₹4,97,960 തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 1-26 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ചെലവുതുക ₹ 91,580 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-27 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കാത്തത്- ₹39,880തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-28 |
| 34 | തുടർ സാക്ഷരത- രശീത് ഹാജരാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-29 |
| 35 | എസ്.എസ്.എ - ആനവൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-30 |
| 36 | പാലിയേറ്റീവ് പരിചരണം - കപ്പട്ടേഷൻ പി.എം.സി അംഗീകരിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-31 |
| 37 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: Vanaja Madathankandi (Senior Grade Auditor, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-32 |
| 38 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-33 |
| 39 | ഗുണഭോക്തൃ ലിസ്റ്റ് -ഗുണഭോക്താവിനെ തിരിച്ചറിയാനുള്ള വിവരങ്ങൾ ചേർക്കുന്നില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടെണ്ടർ ബിലോ ഈടാക്കിയതിൽ കുറവ് ₹ 1865 നിരാകരിയ്ക്കുന്നു<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sumathi.T.O (Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Lathavani (Audit Officer, On 02-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 02-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Lathavani (Audit Officer, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ഭരണസമിതിതീരുമാനംനമ്പർ/ തീയ്യതി | 24/2020 , 24/03/2020 | |
| പുതുക്കിയ തീരുമാനം നമ്പർ/ തീയ്യതി | 12/2021 , 16.02.2021 | |
| ഇനം | ബജറ്റ്പ്രകാരം | പുതുക്കിയബജറ്റ് പ്രകാരം |
| മുന്നിരിപ്പ് | 7802540 | 7802540 |
| വരവ് | 210033600 | 210754626 |
| ആകെ | 217836140 | 218557166 |
| ചെലവ് | 211177100 | 211177100 |
| നീക്കിയിരിപ്പ് | 6659040 | 7380066 |

പെർഫോർമൻസ് ,ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല

## 1-2 വാർഷിക ധനകാര്യ പത്രിക

മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 07.06.2021ലെ എ ഒ-1/2020 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 11.7.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1.ബി.4 ഷെഡ്യൂളിൽ ₹2,07,844 രൂപ 320100299 എന്ന ഹെഡിൽ 2015-16 വർഷം മുതൽ നീക്കിയിരിപ്പുണ്ട് .പ്രസ്തുത തുക സാംഖ്യ അക്കൗണ്ടിംഗ് ആരംഭിച്ച 2011-12-ൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുക 265304-ൽ നിന്നും 2015-16 വർഷം ₹57460 തിരിച്ചടച്ചതിന് ശേഷം ബാക്കിയുള്ളതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (24/22.2.22) മറുപടി നൽകിയത്. പ്രസ്തുത തുക ഏതിനത്തിലുള്ളതാണെന്ന് കണ്ടെത്തി തിരിച്ചടക്കേണ്ടതാണ്.

2.ദുരിതാശ്വാസനിധി- ബി2 ഷെഡ്യൂളിൽ 168427 രൂപയും ബി 17 ഷെഡ്യൂളിൽ 168177രൂപയുമാണ് ചേർത്തിട്ടുള്ളത്. 250 രൂപയുടെ വ്യത്യാസമുണ്ട്. തുക ക്രമീകരിക്കേണ്ടതാണ്.

3.ബി.11 പ്രകാരം ഭൂമിയുടെ മൂല്യം 9000 രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

4.Sale Of Tender Form രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കായിട്ടില്ല. ഈയിനത്തിലുള്ള ₹114293 വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

5.ഇൻവെസ്റ്റ്മെന്റ്/സ്ഥിര നിക്ഷേപ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ബി.12 ഷെഡ്യൂൾ പ്രകാരമുള്ള ₹1700 രൂപയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

6.തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് 438540-രൂപയും വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് 439890 രൂപയുമാണ്. ₹1350 വ്യത്യാസം. പരിഹരിക്കേണ്ടതാണ്.

7.വാർഷിക കണക്ക് പ്രകാരം , ട്രേയ്ഡേഴ്സിന്റെ തൊഴിൽനികുതി ഡിമാന്റ് 439890 രൂപയും കളക്ഷൻ 430820 രൂപയുമാണ്. എന്നാൽ ബി-15 ഷെഡ്യൂൾ പ്രകാരം ₹ 7720 രൂപയാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ 9070/- രൂപയാണ് എ.എഫ്.എസ്. പ്രകാരം നീക്കിയിരിപ്പ് വേണ്ടത്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

8.ലൈബ്രറി സെസ് ഇനത്തിൽ 2019-20 വർഷത്തെ ബി-9 പ്രകാരം ₹2,25,279 രൂപയും, 2020-21 വർഷത്തെ ആർ.പി 36 പ്രകാരം ₹214912 രൂപ വരവും 2020-21 വർഷത്തെ ആർ.പി 36 പ്രകാരം ₹ 204709 രൂപ ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ ബി-9 പ്രകാരം ₹1,82,822 രൂപയാണുള്ളത്. ₹52,660 രൂപയുടെ വ്യത്യാസമുണ്ട്.

9. എൻ.അർ.ഇ.ജി.എ. ഇനത്തിലെ ചെലവ് ₹24777084-ഉം 1-14(A)-യിൽ ചെലവ് ₹34209025 ആണുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 ഇ, എഫ്, എന്നിവ പ്രകാരം വാർഷിക കണക്കിൽ അക്കൗണ്ടുകൾക്കുള്ള കുറിപ്പ്, അടിസ്ഥാന അനുപാതങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

11. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി.14 ഷെഡ്യൂൾ പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇല്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 4,23,04,404.50 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,36,48,818.00 |
| ആകെ | 12,59,53,222.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,09,33,419.00 |
| നീക്കിയിരിപ്പ് | 2,50,19,803.50 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1865 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,59,652 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 16992272 | 16992272 | 15291000 | 1701272 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | | | | | | |
| വികസന ഫണ്ട് എസ്.സി.പി | | 0 | 3596230 | 3596230 | 3423691 | 172539 |
| മെയിന്റനൻസ് റോഡ് | | 0 | 17401000 | 17401000 | 16503844 | 897156 |
| മെയിന്റനൻസ് നോൺ റോഡ് | | 0 | 5005851 | 5005851 | 3730050 | 1275801 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 12455224 | 12455224 | 8898170 | 3557054 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 6100000 | 6100000 | 378400 | 5721600 |
| **കേന്ദ്രാവിഷ്കൃത വിഹിതം** | | | | | | |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | | 23546336 | 23546336 | 23546336 | |
| തൊഴിലുറപ്പ് പദ്ധതി | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8770.50 | 1230748 | 1239518.5 | 1229971 | (8297 തിരിച്ചടവ്) 1250.50 |
| ടി.എസ്.സി | | 80000 | - | 80000 | - | 80000 |
| അംഗൻവാടി പോഷകാഹാരം | | 1731074 | 1331959 | 3063033 | 1500000 | 1563033 |
| ശുചിത്വ മിഷൻ | | 668081 | 3499809 | 4167890 | 2101119 | 2066771 |
| മറ്റ് ഗ്രാന്റുകൾ | | 207844 | - | - | - | 207844 |
| **സംസ്ഥാന സർക്കാർ വിഹിതം** | | | | | | |
| സാക്ഷരത | | 74557 | 2377 | 76934 | - | 76934 |
| വിമുക്തി | | 25311 | 513120 | 538431 | 506120 | 32311 |
| കുടുംബശ്രീ | | 1198796 | 0 | 1198796 | 414056 | 784740 |
| തൊഴിലുറപ്പ് പദ്ധതി- 100 ദിന തൊഴിൽ ഇൻസെന്റീവ് | | | 4,52,000 | 4,52,000 | 4,52,000 | |
| പ്രൊഡക്ഷൻ | | | 1,33,000 | 1,33,000 | 1,33,000 | |

| ബോണസ് | | | | | |
|---|---|---|---|---|---|

2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക ലഭ്യമാക്കിയിട്ടുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ശുചിത്വം ,സാക്ഷരത എന്നീ ഇനത്തിലെ തുകകൾ വിനിയോഗിക്കാൻ സാധ്യതയില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പൂർത്തിയാക്കിയ പദ്ധതികളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 191 | 154 | 131 | 23 | 37 | 68.58 |

| ക്രമ നം | | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9589611 | 14 | 8872142 | 14 | 92.51 |
| 2 | വെറ്ററിനറി സർജ്ജൻ | 2460862 | 8 | 1490555 | 7 | 60.57 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | 1987240 | 7 | 1550858 | 7 | 78.04 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദ ) | 700000 | 1 | 700000 | 1 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -മുണ്ടേരി | 11900000 | 8 | 5500000 | 8 | 46.21 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -കാഞ്ഞിരോട് | 5614410 | 14 | 2525564 | 11 | 44.98 |
| 7 | ഐസി ഡി എസ് സൂപ്പർവൈസർ | 10330449 | 12 | 7703016 | 10 | 74.56 |
| 8 | സെക്രട്ടറി | 12763408 | 28 | 5381993 | 15 | 42.16 |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | 45142225 | 81 | 31059406 | 65 | 68.80 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 2031650 | 9 | 1516222 | 8 | 74.63 |
| 11 | ഹെഡ് മാസ്റ്റർ | 2330000 | 6 | 2096810 | 5 | 89.99 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1029000 | 2 | 179369 | 2 | 17.43 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 600000 | 1 | 600000 | 1 | 100 |
| | ആകെ | 106478855 | 191 | 69175935 | 154 | 64.96 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ,വി ഇ ഒ& സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് ശതമാനം വളരെ കുറവാണ് . വരുംവർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിലെ പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തി, ലഭ്യമായ തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ കോസ്റ്റ് മുതലായവ | - | 23546336 | 23546336 | 23546336 | - | - |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8770.50 | 1230748 | 1239518 | 1229971 | 8297 | 1250.50 |
| ആകെ | 8770.50 | 24777084 | 24785854.50 | 24776307 | 8297 | 1250.50 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ ആകെ 3703 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1001 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 539 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം പൂർണ്ണമായും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 325 പദ്ധതികളിൽ 207 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ 75716 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| *ക്ഷേമ പദ്ധതിയുടെ പേര്* | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7270800 | 496 |
| തൊഴിൽരഹിത വേതനം | 10080 | 14 |
| വിധവാ പെൻഷൻ | 22045900 | 1530 |
| വാർധക്യകാല പെൻഷൻ | 40933200 | 3211 |
| ഭിന്നശേഷി പെൻഷൻ | 6152600 | 434 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 2972600 | 214 |
| വിവാഹ ധനസഹായം | 510000 | 17 |

ഗുണഭോക്താക്കളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനം ഹാജരാക്കിയ വിവരമാണ് ഉൾപ്പെടുത്തിയത്

### 1-7-1 വിതരണത്തിലെ അപാകങ്ങൾ

2020-21 വർഷം മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നം &തീയതി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | പെൻഷൻ തരം |
|---|---|---|---|---|---|---|
| പ്രസന്ന സി പി - | 580671428607 | 111430500208 | 94/20 | 28.7.20 | 6/2021വരെ കൈമാറി | 50 വയസ്സ് കഴിഞ്ഞ അവിവാഹിതയായ വനിതകൾക്കുള്ള പെൻഷൻ |

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നം &തീയതി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | പെൻഷൻ തരം |
|---|---|---|---|---|---|---|
| പള്ളിക്കച്ചാലിൽ പാത്തു | 932726514641 | 111430600926 | 25/20dt 10.3.2020 | 29.2.2020 | 4/20 വരെ | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ |

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നം &തീയതി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | പെൻഷൻ തരം |
|---|---|---|---|---|---|---|
| അബ്ദുറഹിമാൻ .സി. കെ | 380300365817 | 111430400311 | 30/20 DT 20/3/20 | 11/3/20 | 4/20 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ |

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നം &തീയതി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| പി രാധ | 913419890368 | 111420200600 | 16/2021 Dt 21.1.2021 | 30.12.20 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 1/22 വരെ |
| പുരുപുരുത്താൻ. നിർമല | 272608503447 | 111430201690 | 21/21 Dt 11.2.2021 | 9.1.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 1/22 വരെ |
| സത്താർപി.പി | 602511317819 | 111430201197 | 89/20 | 28.7.20 | ഇന്ദിരാ ഗാന്ധി | 1/22 വരെ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ദേശീയ വാർദ്ധക്യ കാല പെൻഷൻ | കൈമാറി |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടോയെന്നും അക്കൗണ്ടിലേക്ക് അധികം നൽകിയ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള അന്വേഷണത്തിന് (34/24.2.2022) മറുപടി നൽകിയിട്ടില്ല. അനർഹമായി നൽകിയ തുക ഈടാക്കേണ്ടതാണ്. തൻവർഷം മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടേയും മേൽ പ്രകാരം പരിശോധന നടത്തി അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-2-2022 ന് 3.30 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹45096 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ഓഫീസ് ഓർഡറുകൾ വഴി ചുമതലകൾ നിശ്ചയിച്ച് നല്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഉൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ യഥാസമയം സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 ഗ്രാമ സഭ

2020-21 വർഷത്തിൽ 07.02.2021 ന് മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. 2020-21 പദ്ധതി രൂപീകരണവും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ആക്ഷൻപ്ലാൻ രൂപീകരണവുമാണ് യോഗം ചർച്ച ചെയ്തത്.

## 1-11 ഇ-ടെണ്ടർ- ഫീ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇ ടെണ്ടർ സൈറ്റിൽ നിന്നും ലഭിച്ചതു പ്രകാരം 1.4.2015 മുതൽ 31.3.2021 വരെ ആകെ ₹4,78,487 ഗ്രാമ പഞ്ചായത്തിന് ഈയിനത്തിൽ ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| വർഷം | തുക |
|---|---|
| 2015-16 | 81,585 |
| 2016-17 | 68,670 |
| 2017-18 | 71,232 |
| 2018-19 | 99,511 |
| 2019-20 | 47,251 |
| 2020-21 | 1,10,238 |
| ആകെ | 4,78,487 |

തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്

## 1-12 വസ്തുനികുതി അപാകങ്ങൾ

1.സഞ്ചയ പ്രകാരം വസ്തുനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ വ്യാപാര സ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന 2020-21 വർഷം എഫ്.ടി ഇ & ഒ എസ് ലൈസൻസെടുത്ത താഴെ പറയുന്ന സ്ഥാപനം സഞ്ചയ പ്രകാരം വസ്തുനികുതി ഒഴിവാക്കിയ കെട്ടിടമാണ്.

| ക്രമ നമ്പർ (ലൈസൻസ് രജിസ്റ്റർ പ്രകാരം) | ലൈസൻസിയുടെ പേര് | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 184 | സഫീറ കെ | കമ്പി, സിമന്റ് കച്ചവടം | 3/216 |

2.വ്യാവസായിക ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് എന്ന ഉപയോഗക്രമത്തിൽ വസ്തുനികുതി ചുമത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് വാണിജ്യ ആവശ്യത്തിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ലൈസൻസിയുടെ പേര് | കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|---|
| 1 | ടി കെ സുരേന്ദ്രൻ | 16/469 | ബേക്കറി വ്യാപാരം |
| 2 | സുബീഷ് | 2/140 A | പലചരക്ക് കട |
| 3 | പ്രേമരാജൻ, പ്രജേഷ് | 14/166,170 | വീട്ടുപകരണങ്ങളുടെ വിൽപ്പന |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/25.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അനുവദിക്കുമ്പോൾ നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗ മാറ്റം നടത്തി എഫ്.ടി.ഇ. & ഒ.എസ്. ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷം ടി ലൈസൻസെടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|
| 1 | റീന ലതീഷ്, ഏച്ചൂർ മെഡിക്കൽ ലാബ് |
| 2 | ഡോ. വിജേഷ് എം,ഹോമിയോ ക്ലിനിക് |
| 3 | ഫൗസിയ സി പി, ഹീൽ ഹോമിയോ കെയർ |
| 4 | ഷഫീറ എം പി, ഇന്ത്യൻ ദന്തൽ ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/22.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി തൻവർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഒന്നാമത്തെ പ്രൊജക്ട് | രണ്ടാമത്തെ പ്രൊജക്ട് |
|---|---|---|
| | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 30/21 | 59/21 |
| അടങ്കൽ | ₹6,98,088 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ₹ 900000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹ 6,98,088 | ₹ 8,99,898 |
| ബിൽ നമ്പർ/ തീയതി | 2019015201590115 7657/ 26-02-2021 | 8/11.4.2020 (എ.സി.ആർ പ്രകാരമുള്ളത് ) |

മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി ഏച്ചൂർ സെക്ഷന് നൽകിയതാണ് മേൽ തുക. എന്നാൽ തുകകൾ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (എൻക്വയറി നം & തീയതി 31/24-02-2022, 34/24-02-2022).

## 1-15 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| |
|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് – 2/21 ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ – 70213 (വികസന ഫണ്ട് പൊതുവിഭാഗം – സാധാരണ വിഹിതം) |
| ചെലവ് – 70213 |
| ബിൽ നമ്പർ/തീയതി – 20190152001590038 6899/30.07.20 |

എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/18-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 തുരുമ്പെടുക്കുന്ന സി.എഫ്.എൽ.ടി.സി ഉപകരണങ്ങൾ -പുനരുപയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കോവിഡ് വ്യാപനത്തിന്റെ അടിയന്തിര സാഹചര്യത്തിൽ ബഹു. ജില്ലാ കലക്ടറുടെ ഉത്തരവ് പ്രകാരം സി.എഫ്.എൽ.ടി.സി സ്ഥാപിക്കുന്നതിലേക്ക് കട്ടിലും കിടക്കയും വാങ്ങുന്നതിന് വൗച്ചർ നമ്പർ 22000495/14-10-2020 പ്രകാരം ₹130000 അർജ്ജുൻ അസോസിയേറ്റ്സ് , കണ്ണൂരിന് നൽകിയിട്ടുണ്ട് (സെക്രട്ടറി ജില്ലാ കലക്ടർക്ക് അയച്ച ബി1-5052 / 2020 തീ.13-10-2020 നമ്പർ കത്ത് പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 180000 രൂപ – 50000 സി.എഫ്.എൽ.ടി.സി ഫണ്ട് + 130000 തനത് ഫണ്ട് (50 സ്റ്റീൽ ഹോസ്പിറ്റൽ കോട്ട് വിത്ത് റെക്സിൻ ബെഡ്,

50 തലയണ)). പ്രസ്തുത കട്ടിലും കിടക്കയും നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും ഇവ പുനരുപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/20-21,25-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പത്ത് കട്ടിലുകൾ പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ ഉരുപ്പെടുത്ത നിലയിൽ കൂട്ടിയിട്ടുണ്ട്. ബാക്കിയുള്ളവ പഞ്ചായത്ത് ഓഫീസിനു മുൻവശത്തെ പകൽവിശ്രമ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് പഞ്ചായത്ത് ജീവനക്കാർ അറിയിച്ചിട്ടുള്ളത്. 50 കട്ടിലകളും തലയിണകളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണമേന്മ കുറഞ്ഞ കട്ടിലുകൾ പൂർണ്ണമായി നശിക്കുന്നതിനു മുൻപ് സർക്കാർ അനുമതി നേടി പുനരുപയോഗപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

## 1-17 ആട് വിതരണം - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല - ചെലവ് തുക ₹ 200000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 12/21, ആട് വിതരണം |
| അടങ്കൽ | ₹ 2,00,000 (വികസന ഫണ്ട്, പൊതുവിഭാഗം) |
| | ₹ 2,80,000 (മറ്റുള്ളവ) |
| ആകെ | ₹ 4,80,000 |
| ചെലവ് | ₹ 2,00,000 ബിൽ നമ്പർ 7/20-21, 03-03-2021 |

ഗ്രാമപഞ്ചായത്തിലെ പാലുല്പാദനവും മാംസോല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ച് തയ്യാറാക്കിയ പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് ₹10,000 സബ്സിഡി നൽകി 2 വീതം ആടുകളെ നല്കുന്നു. പ്രോജക്ടിൽ മേൽ പറഞ്ഞ പ്രകാരം തുക പിൻവലിച്ച് 20 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രത്യേക പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് പൊതുമാർക്കറ്റിൽ നിന്ന് നേരിട്ട് ആടുകളെ വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് ആടുകളെ വാങ്ങിയതിന്റെ രേഖകൾ ഫയലിലും പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിലും ലഭ്യമല്ല.

2. ആടുകളെ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ.ഉ(കൈ)നം.22/18/LSGD, തീയ്യതി 14-02-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2-ലെ കുറിപ്പ് 3,4,5 എന്നിവ പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത്, അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം. എന്നാൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ആടുകളെ വില്പന നടത്തിയ വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക നൽകാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക നൽകിയിരിക്കുന്നത്.

3. ആടിനെ വാങ്ങലും ആടുകളുടെ ഗുണനിലവാരം ഉറപ്പാക്കലും മോണിറ്ററിംഗ് ചെയ്യാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും സ.ഉ.(കൈ) 11/2018/ത.സ്വ.ഭ.വ, തീയതി 29-01-18 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.4 പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം, ഖണ്ഡിക 13 പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Enquiry Number : 30, Dated : 24-02-2022) ലഭ്യമാക്കിയ മറുപടിയിൽ പ്രത്യേക പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ 28/21/12.2.21 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും പർച്ചേസിംഗ് കമ്മിറ്റി രേഖകളും മിനുട്സും ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ഇവ ലഭ്യമായാൽ പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്നും മോണിറ്ററിംഗ്

റിപ്പോർട്ട് തയ്യാറാക്കി എത്രയും പെട്ടെന്ന് ലഭ്യമാക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയത് വിശദീകരിക്കപ്പെട്ടിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവു തുക ₹ 2,00,000 തടസ്സപ്പെടുത്തുന്നു.

## 1-18 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകങ്ങൾ

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ട് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു

പൊതു അപാകങ്ങൾ

1.പ്രോജക്ടിന്റെ ഭാഗമായി നടത്തിയ വാങ്ങലുകൾ ടെണ്ടർ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ടെണ്ടറുകൾ ഭരണസമിതി അംഗീകരിക്കുയോ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

2. സാധനങ്ങൾ വാങ്ങുന്നതിനായി നൽകിയിട്ടുള്ള പർച്ചേസ് ഓർഡർ ഫയലിൽ ലഭ്യമല്ല. ആയതിനാൽ തന്നെ പ്രോജക്ടിന്റെ ഭാഗമായി ഏതൊക്കെ സാധനങ്ങൾ എത്ര എണ്ണം വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

3. ഹാജരാക്കിയ ട്രഷറി ബില്ലിന്റെ പകർപ്പിൽ തുക കൈമാറിയ സ്ഥാപനത്തിന്റെ വിവരം ഉണ്ടെങ്കിലും സ്ഥാപനത്തിന് തുക ലഭിച്ചതിന്റെ കൈപ്പറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല.

4. സാധനങ്ങൾ വാങ്ങിയപ്പോൾ സ്ഥാപനം ലഭ്യമാക്കിയ ബില്ലിൽ സാധനങ്ങളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്താത്തതിനാൽ ലഭ്യമായ സാധനങ്ങളെ സംബന്ധിച്ച് വ്യക്തതയില്ല(വിശദ വിവരം ചുവടെ പരാമർശിച്ചിട്ടുണ്ട്).

5. ലഭ്യമായ സാധനങ്ങളുടെ വിതരണം കൃത്യമായി നടത്തിയിട്ടില്ല.

## 1-18-1 അങ്കണവാടി സമഗ്ര പരിപാടി പ്രോജക്ട് അപാകങ്ങൾ -₹499890-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 44/21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി സമഗ്ര പരിപാടി |
| അടങ്കൽ | ₹500000മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ്<br>തുക ,ബിൽ നം/തീയതി | ₹499890, 358/30.03.2021(ACR പ്രകാരം) |


പ്രീ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, അങ്കണവാടികളുടെ നിലവാരം ഉയർത്തൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചതെങ്കിലും ഭരണസമിതിയുടെ 08.01.2021 തീയതിയിലെ 1/2021(15) നമ്പർ തീരുമാനപ്രകാരം ഫയൽറാക്ക്,ആപ്രൺ കേപ്പ്, കളിക്കോപ്പുകൾ, വാട്ടർ ഫിൽട്ടർ (15 എണ്ണം) എന്നിവ വാങ്ങൽ, ബേബി ഫ്രണ്ട്ലി പെയിന്റിംഗ് (21 അങ്കണവാടികളിൽ) ,കുട്ടികൾക്കുള്ള ലൈബ്രറി സജ്ജമാക്കൽ എന്ന രീതിയിൽ പ്രോജക്ട് ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ പ്രവർത്തനങ്ങൾക്കായി 7 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്.

ടെണ്ടറിൽ അർജ്ജുൻ അസോസിയേറ്റ്സ് , ഇന്നർസോൺ ഏജൻസീസ് എന്നീ രണ്ട് സ്ഥാപനങ്ങൾ ബേബി ഫ്രണ്ട്ലി പെയിന്റിംഗ് ഒഴികെ മറ്റ് പ്രവർത്തനങ്ങൾക്ക് ഒരു അങ്കണവാടിക്ക് ആവശ്യമായ നിരക്ക് എന്ന രീതിയിലാണ് തുക ക്വാട്ട് ചെയ്തിട്ടുള്ളത് മറ്റ് സ്ഥാപനങ്ങൾ ഓരോ ഇനത്തിനുമുള്ള നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. നിരക്ക് സംബന്ധിച്ച കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം സംബന്ധിച്ച് വ്യക്തതയില്ല. അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനാണ് മേൽ ചെലവ് തുക നൽകിയിട്ടുള്ളത്.

പ്രോജക്ടുകളുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു
1. ടെണ്ടർ നോട്ടീസ്, പർച്ചേസ് ഓർഡ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് അർജ്ജുൻ അസോസിയേറ്റ്സ് നൽകിയ ബില്ലിൽ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഏതൊക്കെ സാധനങ്ങളാണ് ലഭ്യമായതെന്ന് സംബന്ധിച്ച് വ്യക്തതയില്ല.( ബില്ലിന്റെ പകർപ്പ് ചുവടെ ചേർക്കുന്നു)



BILL OF SUPPLY

Composition taxable person. Not eligible to collect tax on supplies

ARJUN ASSOCIATES CANNANNORE
ARIMBRA
MULLAKKODI P.O
KANNUR-670602
GSTIN/UIN: 32AXHPA4287B2ZY
State Name : Kerala, Code : 32

Buyer
ICDS SUPERVISOR
MUNDERI GRAMA PANCHAYATH
PAN/IT No
State Name :Kerala Kerala, Code : 32

| Invoice No. | Way Bill No. | Dated |
|---|---|---|
| ARJ 88 | | 29/03/2021 |
| Delivery Note | | Mode/Terms of Payment |
| Supplier's Ref. | | Other Reference(s) |
| Buyer's Order No. | | Dated |
| Despatch Document No. | | Delivery Note Date |
| Despatched through | | Destination |

| Sl No. | Description of Goods | HSN/SAC | Quantity | Rate | per | Amount |
|---|---|---|---|---|---|---|
| 1 | P.No.S 00 44/21 ANGANWADI SAMAGRA PARIPADI | | 1.00 | 499890.00 | Nos | 499890.00 |
| | Total | | | | | ₹ 499890.00 |

Amount Chargeable (in words)
FOUR LAKH NINTY NINE THOUSAND EIGHT HUNDRED AND NINTY ONLY

Declaration
We declare that this invoice shows the actual price of the goods described and that all particulars are true and correct.

Customer's Seal and Signature
for ARJUN ASSOCIATES CANNANNORE
For ARJUN ASSOCIATES CANNANNORE
Authorised Signatory
Proprietor

This is a Computer Generated Invoice

cancelled

passed for payment 499890 only.
Four lakh ninety nine thousand eight hundred and ninety only

ICDS SUPERVISOR
Munderi Grama Panchayath

3.പ്രോജക്ട് പ്രകാരം 15 വാട്ടർഫിൽട്ടറുകൾ വാങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 14 എണ്ണമാണ് ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (18/21.02.2022)-ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുകയായ ₹499890 തടസ്സപ്പെടുത്തുന്നു.

## 1-18-2 അങ്കണവാടികളിൽ അമ്മമാർക്കും കൗമാരക്കാർക്കും ലൈബ്രറി ഒരുക്കൽ പ്രോജക്ട് അപാകങ്ങൾ -₹199850-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 126/21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ അമ്മമാർക്കും കൗമാരക്കാർക്കും ലൈബ്രറി ഒരുക്കൽ |
| അടങ്കൽ | ₹200000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക,ബിൽ നം/തീയതി | ₹199850, 356/30.03.2021(ACR പ്രകാരം) |


ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 20 അങ്കണവാടികളിലെ അമ്മമാരിലും കൗമാരപ്രായക്കാരായ കുട്ടികളിലും വായനാശീലം വർദ്ധിപ്പിക്കുക, സാമൂഹ്യപദവി ഉയർത്തുക, ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരിക എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഒരു സെന്ററിന് 5000 രൂപയുടെ ഗ്ലാസ് അലമാരയും 5000 രൂപയുടെ പുസ്തകവും രജിസ്റ്ററുമുൾപ്പെടെ 2ലക്ഷം രൂപ വകയിരുത്തിയ മേൽ പ്രോജക്ട് ഭരണസമിതിയുടെ 08.01.2021 തീയതിയിലെ 1/2021(14) നമ്പർ തീരുമാനപ്രകാരം 10 അംഗൻവാടികളിൽ 10 അലമാരകളായി പ്രോജക്ട് ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ടെണ്ടർ നോട്ടീസ്, പർച്ചേസ് ഓർഡർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഫർണ്ണിച്ചറുകൾക്കായി 6 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ നിന്നും അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനാണ് മേൽ ചെലവ് തുക നൽകിയിട്ടുള്ളത്. ടെണ്ടർ ഇനങ്ങളുടെ കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

3.സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് അർജ്ജുൻ അസോസിയേറ്റ്സ് നൽകിയ ബില്ലിൽ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബില്ലിൽ പ്രോജക്ട് നമ്പർ, തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ ഏതൊക്കെ സാധനങ്ങളാണ് ലഭ്യമായതെന്ന സംബന്ധിച്ച് വ്യക്തതയില്ല. ബില്ലിന്റെ പകർപ്പ് ചുവടെ ചേർക്കുന്നു.



BILL OF SUPPLY
Composition taxable person. Not eligible to collect tax on supplies

| | | |
|---|---|---|
| ARJUN ASSOCIATES CANNANNORE<br>ARIMBRA<br>MULLAKKODI P.O<br>KANNUR-670602<br>GSTIN/UIN: 32AXHPA4287B2ZY<br>State Name : Kerala, Code : 32 | Invoice No. Way Bill No.<br>ARJ 91 | Dated<br>29/03/2021 |
| | Delivery Note | Mode/Terms of Payment |
| | Supplier's Ref. | Other Reference(s) |
| Buyer<br>ICDS SUPERVISOR<br>MUNDERI GRAMA PANCHAYATH<br><br>PAN/IT No :<br>State Name :Kerala Kerala, Code : 32 | Buyer's Order No. | Dated |
| | Despatch Document No. | Delivery Note Date |
| | Despatched through | Destination |

| Sl No. | Description of Goods | HSN/SAC | Quantity | Rate | per | Amount |
|---|---|---|---|---|---|---|
| 1 | P.No.S 00 126/21<br>LIBRARY IN ANGANAWADIS(SHELF AND BOOKS) | | 1.00 | 199850.00 | Nos | 199850.00 |
| | | | | | | ₹ 199850.00 |

Amount Chargeable (in words)
ONE LAKH NINTY NINE THOUSAND EIGHT HUNDRED AND FIFTY ONLY

Declaration
We declare that this invoice shows the actual price of the goods described and that all particulars are true and correct.

Customer's Seal and Signature | for ARJUN ASSOCIATES CANNANNORE
Authorised Signatory

This is a Computer Generated Invoice

4.പ്രോജക്ട് പ്രകാരം 10 ഗ്ലാസ്സ് അലമാരകൾ വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 13 ഗ്ലാസ്സ് അലമാരകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവ വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ആയതിനാൽതന്നെ അലമാരകളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/21.02.2022)-ന് വ്യക്തമായ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുകയായ ₹199850 തടസ്സപ്പെടുത്തുന്നു.

## 1-18-3 ബാലസൗഹൃദ പ്രാദേശീക ഭരണം മെച്ചപ്പെടുത്തൽ പ്രോജക്ട് - അപാകങ്ങൾ- 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 122/21 |
| പ്രോജക്ടിന്റെ പേര് | ബാലസൗഹൃദ പ്രാദേശിക ഭരണം മെച്ചപ്പെടുത്തൽ |
| അടങ്കൽ | ₹150000മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക , ബിൽ നം/ തീയതി | ₹50000, 357/30.03.2021 (ACR പ്രകാരം) |


ബാലസൗഹൃദ പഞ്ചായത്താക്കുന്നതിന്റെ ഭാഗമായി 20 അംഗൻവാടികളിലെ ക്ലബുകളിലെ കൗമാരപ്രായക്കാരായ കുട്ടികൾക്ക് സ്പോർട്സ് കിറ്റ് നൽകൽ, ബാലോൽസവം സംഘടിപ്പിക്കൽ കുട്ടികളുടെ ബാലസഭ, വികസന സെമിനാർ, സുരക്ഷാബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഇതിൽ സ്പോർട്സ് കിറ്റിനായി 50000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്(20 എണ്ണം) .

പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ടെണ്ടർ നോട്ടീസ്, പർച്ചേസ് ഓർഡർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.സ്പോർട്സ് ഉപകരണങ്ങൾക്കായി ടെണ്ടർ ക്ഷണിക്കുകയും 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ നിന്നും അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനാണ് മേൽ ചെലവ് തുക നൽകിയിട്ടുള്ളത്.

3.സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് അർജ്ജുൻ അസോസിയേറ്റ്സ് നൽകിയ ബില്ലിൽ ഏതൊക്കെ ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ല. ബില്ലിൽ പ്രോജക്ട് നമ്പർ/പേര്, തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബില്ലിന്റെ പകർപ്പ് ചുവടെ കൊടുക്കുന്നു. (തനതു വർഷം ₹50000/- മാത്രമാണ് നൽകിയിട്ടുള്ളത്)



BILL OF SUPPLY
Composition taxable person. Not eligible to collect tax on supplies

ARJUN ASSOCIATES CANNANNORE
ARIMBRA
MULLAKKODI P.O
KANNUR-670602
GSTIN/UIN: 32AXHPA4287B2ZY
State Name : Kerala, Code : 32

| Invoice No. ARJ 90 | Way Bill No. | Dated 29/03/2021 |
|---|---|---|
| Delivery Note | | Mode/Terms of Payment |
| Supplier's Ref. | | Other Reference(s) |
| Buyer's Order No. | | Dated |
| Despatch Document No. | | Delivery Note Date |
| Despatched through | | Destination |

Buyer
ICDS SUPERVISOR
MUNDERI GRAMA PANCHAYATH
PAN/IT No :
State Name :Kerala Kerala, Code : 32

| Sl No. | Description of Goods | HSN/SAC | Quantity | Rate | per | Amount |
|---|---|---|---|---|---|---|
| 1 | P.No. S 122/21 BALA SOUHRIDA PRADESHIKA BHARANAM | | 1.00 | 149500.00 | Nos | 149500.00 |
| | Total | | | | | ₹ 149500.00 |

Amount Chargeable (in words)
ONE LAKH FORTY NINE THOUSAND FIVE HUNDRED ONLY

Declaration
We declare that this invoice shows the actual price of the goods described and that all particulars are true and correct.

Customer's Seal and Signature

for ARJUN ASSOCIATES CANNANNORE
For ARJUN ASSOCIATES CANNANNORE Proprietor
Authorised Signatory

This is a Computer Generated Invoice

passed for payment
Five thousand only

മേൽ പരാമർശിച്ച അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/21.02.2022) വ്യക്തമായ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുകയായ ₹50000 തടസ്സപ്പെടുത്തുന്നു.

സൈറ്റ് വെരിഫിക്കേഷന്റെ ഭാഗമായി 24.02.2022 തീയതി കുടുക്കിമൊട്ട അങ്കണവാടി സന്ദർശിച്ചപ്പോൾ മറ്റ് അങ്കണവാടികൾക്ക് വിതരണം ചെയ്യേണ്ട ഫയൽ റാക്ക്, കളിക്കോപ്പുകൾ,സ്പോർട്സ് ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ കുടുക്കിമൊട്ട അങ്കണവാടിയിൽ സൂക്ഷിച്ചതായി കണ്ടു . ഇതിൽ നിന്നും ലഭ്യമായ സാധനങ്ങൾ കൃത്യമായി വിതരണം ചെയ്തിട്ടില്ലെന്ന് വ്യക്തമാണ്. കൊട്ടാനിച്ചേരി അങ്കണവാടിയ്ക്ക് ലഭ്യമായ വാട്ടർ പ്യൂരിഫയർ ജലനിധിയുടെ കുടിവെള്ളം ലഭ്യമാവാത്തതിനാൽ കണക്ട് ചെയ്തിട്ടില്ല. കൃത്യമായ ആസൂത്രണമില്ലാതെയാണ് ഖണ്ഡിക -1-18-(1),1-18(2),1-18(3) എന്നിവയിൽ പരാമർശിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതെന്ന് വ്യക്തമാണ്.

ആയത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു.

## 1-19 ഭിന്നശേഷിക്കാരുടെ കലാവിരുന്ന് പ്രോജക്ട്-വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 125/21 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാരുടെ കലാവിരുന്ന്(SO) |
| അടങ്കൽ ആകെ | ₹50000 വികസന ഫണ്ട് – പൊതുവിഭാഗം – സാധാരണവിഹിതം<br>₹20000 ജില്ലാ പഞ്ചായത്ത് വിഹിതം<br>-------- |

| | |
|---|---|
| | ₹70000 |
| ചെലവ് തുക ,ബിൽ നം/തീയതി | ₹43099, 15/28.03.2021 – വികസന ഫണ്ട് – പൊതുവിഭാഗം – സാധാരണവിഹിതം |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഭിന്നശേഷിക്കാരുടെ കലാവിരുന്ന് സംഘടിപ്പിച്ചിട്ടുണ്ട്. ഭക്ഷണം മറ്റ് സംഘാടക പ്രവർത്തനങ്ങൾ, സമ്മാനമായി ബെഡ്ഷീറ്റ് നൽകൽ എന്നീ പ്രവർത്തനങ്ങൾക്കാണ് ₹43099 ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ₹20000 രൂപ ബെഡ്ഷീറ്റ് വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം 5000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ വഴി നടത്തേണ്ടതാണ്. എന്നാൽ ഇവിടെ മേൽ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/21.02.2022) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-20 ടെണ്ടർ ബിലോ ഈടാക്കിയതിൽ കുറവ്-₹1865 നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | സംസം സ്റ്റോപ്പ് പോസ്റ്റ് റോഡ് റീടാറിംഗ് -163/21 |
| അടങ്കൽ | 3,70,705 (മെയിന്റനൻസ് ഗ്രാന്റ് -റോഡ് ) |
| ചെലവ്,ബിൽ നം &തീയതി | 3,63,686- 20190152017801441272/Dt 30.3.2021 |
| കരാറുകാരൻ | എം.എം ജോയ് |
| കരാർ തുക | 3,54,265.61 |
| ടെണ്ടർ ബിലോ | 8.27%കുറവ് |
| പ്രവൃത്തി മൂല്യം | 3,54,265.61 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/MDR/21/20-21 Dt 15.10.2020 |
| എം ബുക്ക് | 30/20-21 |

പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്നു

1- ടെണ്ടർ ബിലോ 8.27% ഈടാക്കേണ്ടതിന് പകരം 7.8 % ആണ് കുറവ് ചെയ്തത്

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം | 3,54,265.61 | 3,54,265.61 | 0 |
| ടെണ്ടർ കുറവ് 7.8%കുറവ് | 27,632.67 | 29,297.76 | 1665.09 |
| +ജി എസ് ടി | 39,196 | 38,996 | 200 |
| ആകെ നൽകിയത് | 3,65,828.94 | 3,63,963.85 | 1865.09 |

തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്( 19/21.2.2021 )മറുപടി നൽകിയിട്ടുണ്ട്.

## 1-21 പ്രവൃത്തി ദീർഘിപ്പിക്കലിന് കരാർ തുകയുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കാത്തത്

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | വാഴയിൽ കുന്നംമ്പ്രം റോഡ് റീടാറിംഗ് -98/21 |
| അടങ്കൽ | 2,88,000 |
| ചെലവ്,ബിൽ നം | 203453- 71/Dt 29.3.2021 |

| | |
|---|---|
| &തീയതി | |
| കരാറുകാരൻ | രമേശൻ.ഡി |
| കരാർ തുക | 2,56,906 |
| സെലക്ഷൻ നോട്ടീസ് | 12/11/2019 |
| സൈറ്റ് കൈമാറിയ തീയതി | 23.11.2019 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/MDR/14/19 Dt 23.11.2019 |
| എം ബുക്ക് | 15/20 |
| പ്രവൃത്തി പൂർത്തീകരണ സമയം | 3 Month |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 6.2.2021 |
| ഈടാക്കിയ പിഴ | 1,842. |

പ്രവൃത്തി ദീർഘീകരണത്തിന് കരാർ തുകയുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കേണ്ടതിന് പകരം പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് (1,84,205) 1% പിഴ ഈടാക്കിയത്. മേലിൽ കരാർ തുകയുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (20/21/2/2022) മറുപടി നൽകിയിട്ടുണ്ട്. ഈടാക്കാൻ ബാക്കിയുള്ള തുക ₹ 728 ഈടാക്കേണ്ടതാണ്.

## 1-22 പ്രവൃത്തി ദീർഘീകരണത്തിനും ,നിശ്ചിത സമയത്തിനകം കരാർ ചമയ്ക്കാത്തതിനും പിഴ ഈടാക്കാത്തത്

ജി.ഒ (പി)നം 13/2012/പി.ഡബ്ള്യൂ.ഡി/ തീയതി 01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112 പ്രകാരം പ്രവൃത്തിപൂർത്തീകരിക്കുന്നതിന് കരാറുകാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും ,പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25% കരാർതുകയുടെ 1% പിഴയും അടുത്ത 25% ന് കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്. താഴെ പറയുന്ന മുണ്ടേരി പി.എച്ച്.സി. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ പ്രവൃത്തിയിൽ ഫൈൻ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ച് നല്കിയതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(21/21/2/2022) പിഴ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നിശ്ചിത നിരക്കിലുള്ള പിഴ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര്&നം | മുണ്ടേരി പി എച്ച് സി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-79/21 | മാച്ചേരി വാടി കുന്നംപുറം റോഡ് (ബാക്കി ഭാഗം ) ടാറിംഗ് 80/21 |
| അടങ്കൽ | 791014(റോഡിതരം )<br>1,00,000(തനത് ഫണ്ട്) | 93,704റോഡിതരം )<br>1,00,000(ധനകാര്യ കമ്മീഷൻഅവാർഡ്)<br>10,000(തനത് ഫണ്ട് ) |
| ചെലവ്,ബിൽ നം &തീയതി | 79101413 - 9/Dt20.4.20 | 4,45,813 - 2019-20<br>29098 -33/Dt 15.9.20 |
| കരാറുകാരൻ | ശ്രീജിത്ത് കുമാർ | എം.കെ .രത്നാകരൻ |
| കരാർ തുക | 891013.28 | 649576.52 |
| ടെണ്ടർ അംഗീകാരം | 16/19(1) Dt2.2.2019 | 121/18 Dt 14.8.2018 |
| | | |

| | | |
|---|---|---|
| സെലക്ഷൻ നോട്ടീസ് | 4/2/2019 | ലഭ്യമല്ല |
| സൈറ്റ് കൈമാറിയ തീയതി | 25.2.2019 | 4.9.2018 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/MDR/44/18 Dt 25.2.2019 | AE/LSGD/MDR/27/18-19 Dt 4.9.2018 |
| എം ബുക്ക് | 96/19 | 71/19 |
| പ്രവൃത്തി പൂർത്തീകരണ സമയം/ പൂർത്തീകരിക്കേണ്ട തീയതി | 8 Month / 24.10.19 | 4 Month/03.01.2019 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 7.2.2020 | 17.8.2019 |
| കാലതാമസം | 3 Month | 7month |

മാച്ചേരി വാടി കുന്നംപുറം റോഡ് (ബാക്കി ഭാഗം) ടാറിംഗ് 80/21 പ്രവൃത്തിയിൽ സെക്കന്റ് റീഫണ്ട് ബില്ലിൽ നിന്നും ₹ 2910 മാത്രം ഫൈൻ ഈടാക്കിയിട്ടുണ്ട്. നിശ്ചിതനിരക്കിൽ പിഴ ഈടാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/25.2.22) മറുപടി നൽകിയിട്ടില്ല. തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പ്, തിരുവനന്തപുരം തീയതി 18.08.18 നമ്പർ എസി.2/223/2015/തസ്വഭവ സർക്കുലറിൽ പഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കരാറുകളുടെ ലംഘനമുണ്ടായാൽ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25 ശതമാനം സമയം അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ്, ആയത് അനുവദിക്കാവുന്നതും, പരമാവധി അധിക പൂർത്തീകരണ കാലാവധി ആ പ്രവൃത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും എന്ന് വ്യവസ്ഥയുണ്ട്. പ്രവൃത്തികളുടെ കരാറിൽ പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വരും വർഷങ്ങളിലെ പ്രവൃത്തികളുടെ കരാറിൽ മേൽ പരാമർശിച്ച സർക്കുലറിലെ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

**1-22(1) – നിശ്ചയിച്ച കാലാവധിക്കുള്ളിൽ കരാർ ചമച്ചില്ല:**

ടെണ്ടർ സ്വീകരിച്ചതായി രേഖ മൂലമുള്ള അറിയിപ്പ് കത്ത് (സെലക്ഷൻ നോട്ടീസ് )കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതും , 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പിഴ ഈടാക്കി (കരാർ തുകയുടെ 1% മിനിമം 1,000) കരാറുടമ്പടി വെയ്ക്കേണ്ടതാണെന്നും മേൽ ഉത്തരവിലെ സെക്ഷൻ 2009-06ൽ വ്യക്തമാക്കിയിട്ടുണ്ട്. മുണ്ടേരി പി എച്ച് സി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-79/21 പ്രോജക്ടിന്റെ സെലക്ഷൻ നോട്ടീസിൽ 18.2.2019 വരെ പിഴ കൂടാതെ ഒപ്പ് വക്കാനും, 28.2.2019വരെ പിഴ ചുമത്തി ഒപ്പ് വക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പിഴ ഈടാക്കിയിട്ടില്ല . നിശ്ചിത നിരക്കിലുള്ള പിഴ ഈടാക്കേണ്ടതാണ്

## 1-23 മാനേജ്മെന്റ് കമ്മിറ്റിയുടെ സമ്മതപത്രം,കരാർ എന്നിവയില്ലാതെ എയിഡഡ് സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിച്ചു-₹ 9,80,492 തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ | |
| പ്രോജക്ടിന്റെ പേര്&നം | സ്കൂൾ ടോയ് ലറ്റ് നിർമ്മാണം -87/21 | വിദ്യാലയങ്ങളിൽ ഷി ടോയ് ലറ്റ് നിർമ്മാണം-81/21 |
| അടങ്കൽ | 2,60,000 (കേന്ദ്രാവിഷ്കൃതം ) | 661843- വികസനഫണ്ട്- പൊതുവിഭാഗം- സാധാരണവിഹിതം |

| | | |
|---|---|---|
| | | 79298-തനത് ഫണ്ട് |
| ചെലവ് | 2,39,759 | 7,40,733 |
| ബിൽ/ വൗച്ചർനം &തീയതി | 22000055 Dt 23.4.2020-1,60,926 | 6,61,843-ബിൽ നം 11/14.5.20 |
| | 22000846 Dt 23.2.2021-78,833 | 59,890-വൗച്ചർ നം22000942 Dt 11.3.21 |
| | | 19,000-വൗച്ചർനം22000518 Dt 27.10.2020 |
| കരാറുകാരൻ | കെ.മുകുന്ദൻ | എ.എം.ദിനേശ് ബാബു |
| കരാർ തുക | 2,58,592 | 7,41,140.65 |
| ടെണ്ടർ ബിലോ | 0.01%%കുറവ് | - |
| പ്രവൃത്തി മൂല്യം | 2,31,313 | 7,40,733 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/MDR/18/19Dt27.11.2019 | AE/LSGD/MDR/43/19Dt 12.2.2019 |
| എം ബുക്ക് | 85/19 | 78/19 |

മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സർക്കാർ എൽപി ,യു പി സ്കൂൾ ഇല്ലാത്തതിനാൽ പദ്ധതി മാർഗരേഖ സ ഉ. (കൈ)11/2018 തസ്വഭവ. തിരു. തീ. 29.01.2018 ഖണ്ഡികയിലെ 7.6(2),7.6(8) മാനദണ്ഡങ്ങളും വനിതാ, ശുചിത്വ മേഖലയിലെ നിർബന്ധിത വകയിരുത്തലിന്റെ ഭാഗമായുമാണ് മുണ്ടേരി ഗ്രാമപഞ്ചായത്തിന് ഭരണസമിതിയുടെ 15.11.18-ലെ 146/18(2)-ാം തീരുമാന പ്രകാരവും എയിഡഡ് സ്കൂളുകളായ മുണ്ടേരി ഈസ്റ്റ് എൽ പി സ്കൂളിന് ടോയ് ലറ്റും ,ശങ്കരവിലാസം യു പി സ്കൂളിന് ഷീ ടോയ് ലറ്റും നിർമ്മിച്ച് നൽകുന്ന പ്രോജക്ട് നടപ്പിലാക്കിയത് .

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.

1- പദ്ധതി നടപ്പാക്കിയ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല

2- മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതപത്രം,കരാർ എന്നിവ ചമയ്ക്കേണ്ടതുമാണ്. എന്നാൽ ഇവ വാങ്ങിക്കാതെയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയത്

3-പ്രവൃത്തിയുടെ ആവശ്യകത സംബന്ധിച്ച് ആസൂത്രണ സമിതിയിലോ ,വർക്കിംഗ് ഗ്രൂപ്പിലോ തീരുമാനമെടുത്തിട്ടില്ല

അപാകങ്ങൾക്കുള്ള അന്വേഷണത്തിന് (35/24.2.2022) നൽകിയ മറുപടിയിൽ മേൽകാര്യങ്ങൾക്ക് ആവശ്യമായ രേഖകളോ,വിശദീകരണമോ നൽകിയിട്ടില്ല . അതിനാൽ ₹ 9,80,492 തടസ്സപ്പെടുത്തുന്നു.

## 1-24 ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കേണ്ടത്

GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം , നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. പ്രവൃത്തിമൂല്യം 2,50,000/- രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമാക്കാത്തതിനാൽ കരാറുകാർ റിട്ടേൺ സമർപ്പിക്കേണ്ടതില്ല.എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നൽകിയിട്ടുണ്ട്. അതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

2020-21 വർഷം നടപ്പാക്കിയ 2,50,000/- രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാർക്ക് തുക നല്കിയതുമായ പ്രവൃത്തികളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് & നം | കരാറു കാരൻ | പ്രവൃത്തി മൂല്യം | ജി എസ് ടി | എം ബുക്ക നം | ബിൽ നം/ വൗച്ചർ നം & തീയതി | തുക |
|---|---|---|---|---|---|---|---|
| 1 | വാഴയിൽ കുന്നംമ്പ്രം റോഡി റീടാറിംഗ് – 98/21 | രമേശൻ.ഡി | 184205 | 22104 | 15/20 | 71/29.3.21 | 203453 |
| 2 | പഞ്ചായത്ത് ഓഫീസ് ചുറ്റമതിൽ നിർമ്മാണം-99/100 | കെ.എം. രാജേന്ദ്രൻ | 84,494 | 10140 | 93/19 | ചെക്ക് നം 5718025 Dt 22.5.20 | 94634 |
| 3 | ഹോമിയോ ഡിസ്പെൻ സറിയ്ക്ക് ചുറ്റമതിൽ-100/21 | കെ.എം. രാജേന്ദ്രൻ | 140049 | 16816 | 43/17 | 2019015201780063820 | 20.10.20 |

പഞ്ചായത്ത്, കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയതും 2,50,000/- രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല. ആയത് ഉറപ്പ് വരുത്തേണ്ടതാണ് .

## <u>1-25 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പ് -അപാകങ്ങൾ</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പ്രോജക്ടുകളുടെ ഫയലിൽ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് വച്ചിട്ടില്ല

2- ജി ഒ (പി )177/2006 ധനം 12.4.2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7Aകാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം .തദ്ദേശസ്വയം ഭരണ സ്ഥാപന ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ(അനുബന്ധം ബി-4) സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഹാജരാക്കിയ 7Aകാഷ് ബുക്കിൽ തദ്ദേശസ്വയം ഭരണ സ്ഥാപന ഫണ്ട് വരവ് ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാഷ് ബുക്കിൽ ചില ബില്ലുകളുടെ വിവരം ചേർത്തിട്ടില്ല. വർഷാവസാനം ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ട് രജിസ്റ്റർസൂക്ഷിക്കുന്നില്ല.

3-ബിൽ ബുക്കിൽ അവസാന പേജ് " റദ്ദാക്കി" എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ബുക്കിൽ തന്നെയാണ് വീണ്ടും ബില്ലുകൾ ചേർത്തിരിയ്ക്കുന്നത് .

4-പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല.
5- മിക്ക ബില്ലിലും , ചില പ്രവൃത്തികളുടെ എം ബുക്കിലും മെമ്മോ ഓഫ് പെയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല. എം ബുക്കിൽ ടെണ്ടർ കുറവ് രേഖപ്പെടുത്തുകയോ, പ്രവൃത്തിമൂല്യത്തിൽ നിന്ന് കുറയ്ക്കുകയോ ചെയ്യാതെ ട്രഷറി ബില്ല് നൽകുമ്പോൾ മാത്രം ടെണ്ടർ കുറവ് പരിഗണിച്ച് ബിൽ മാറിയിട്ടുണ്ട്.
ഭാവിയിൽ മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## <u>1-26 പ്ലാസ്റ്റിക് സംസ്കരണത്തിന് ബെയിലിംഗ് മെഷീൻ വാങ്ങൽ -മെഷീൻ സ്ഥാപിച്ചിട്ടില്ല – ₹4,97,960 തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 182/21, പ്ലാസ്റ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ |

| | |
|---|---|
| അടങ്കൽ | ₹3,28,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>₹1,72,000 (സംസ്ഥാനാവിഷ്കൃതം)<br>₹500000 |
| ചെലവ് | ₹ 3,28,000<br>20190152015901416569/29-03-2021 |
| | ₹1,69,960<br>5114307201200044/29-03-2021 |
| | ₹4,97,960 |

പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷൻ സർവ്വീസ് പ്രൊവൈഡറായ 'പ്രകൃതി,ആലുവ' എന്ന സ്ഥാപനത്തിൽ നിന്നും ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 'പ്രകൃതി'യുടെ 67335351054 നമ്പർ എസ് ബി ഐ അക്കൗണ്ടിലേക്ക് ₹4,97,960 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ബെയിലിംഗ് മെഷീൻ ലഭ്യമാക്കിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ 65/16-03-21). മെഷീൻ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 5/ 18-02-2022) ആയത് സ്ഥാപിക്കുകയും പ്രവർത്തനക്ഷമത പരിശോധിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എം.സി.എഫ് കെട്ടിടത്തിന്റെ വിപുലീകരണത്തിന് പദ്ധതി ഉള്ളതിനാൽ വയറിംഗ് പ്രവൃത്തി നടത്തിയിരുന്നില്ല എന്നും വയറിംഗ് പ്രവൃത്തി 2021-2022 വർഷം പൂർത്തീകരിച്ച് വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹4,97,960 തടസ്സപ്പെടുത്തുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ചെലവുതുക ₹ 91,580 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, മുണ്ടേരി |
| പ്രോജക്ട് നമ്പർ, പേര് | 70/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1,38,000 (വികസന ഫണ്ട്, എസ് സി പി) |
| | ₹ 12,000 (തനത് ഫണ്ട്) |
| | ₹ 1,50,000 |
| ചെലവ്, ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 91,580, 1/20-21, തീയതി 16-04-2020 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ഹെഡ്മാസ്റ്റർ ₹ 91,580 പിൻവലിച്ച് കേരള സംസ്ഥാന ഐ ടി മിഷന്റെ 799011400003959 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിററ് ചെയ്തിരുന്നു. തുക പിൻവലിക്കുന്നതിനായി തയ്യാറാക്കിയ സാംഖ്യ ബിൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് കോപ്പി, ഗുണഭോക്തൃ ലിസ്റ്റ്, വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് പട്ടികജാതി വികസന

ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം, കെൽട്രോൺ ലഭ്യമാക്കിയ പ്രഫോർമ ഇൻവോയ്സ്, ലാപ്ടോപ്പ് ലഭ്യമാക്കിയതിന്റെ അസ്സൽ ബിൽ, ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/20-21, 17-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക ₹ 91,580 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കാത്തത്-₹39,880തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, മുണ്ടേരി |
| പ്രോജക്റ്റ് നമ്പർ, പേര് | 46/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ |
| അടങ്കൽ | ₹ 40,000 (വികസന ഫണ്ട്, എസ് സി പി) |
| ചെലവ്,ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 39,880, 5/20-21, തീയതി 30-03-2021 |

2020-21 വർഷം മേൽ പ്രോജക്റ്റ് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുന്നതിനായി ഹെഡ്മാസ്റ്റർ അർജ്ജുൻ അസോസിയേറ്റ്സിന്റെ 118111100001404 നമ്പർ യൂണിയൻ ബാങ്ക് അക്കൗണ്ടിലേക്ക് ₹ 39,880 ട്രാൻസ്ഫർ ക്രെഡിററ് ചെയ്തിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ.ഉ(പി) 259/2010/LSGD, തീ. 8-11-20 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ₹25,000 യിൽ അധികം വരുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ലിമിറ്റഡ് ടെണ്ടർ മുഖേന നടത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ 07-01-2021 ലെ 3-ാം നമ്പർ തീരുമാന പ്രകാരം ലഭിച്ച ടെണ്ടറുകളിൽ നിന്ന് അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം വിതരണം ചെയ്യുന്ന ₹3989 വിലയുള്ള മരത്തിന്റെ മേശയും ₹996 വിലയുള്ള മരത്തിന്റെ കസേരയും വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് ഫർണിച്ചർ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. അർജ്ജുൻ അസോസിയേറ്റ്സിന്റെ 29-03-2021 ലെ ARJ 85 നമ്പർ ഇൻവോയ്സ് പ്രകാരം 8 വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സ.ഉ.(കൈ) 22/18/LSGD, തീ. 14-02-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7ലെ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

A. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം.

B. ഒരു വിദ്യാർത്ഥിക്ക് ഒരു പഠന കാലയളവിൽ ഒരിക്കൽ മാത്രമേ കൊടുക്കാവൂ.

C. മറ്റു വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/17-02-22) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ചെലവുതുക ₹39,880 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 തുടർ സാക്ഷരത- രശീത് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 52/21, തുല്യതാ പഠനം |
| | |

| | |
|---|---|
| അടങ്കൽ | ₹ 1,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹75,350,<br>55,000വൗച്ചർ നം 22001048തീയതി 30.3.21<br>20,350 വൗച്ചർ നം 22001049തീയതി 30.3.21 |

മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ പത്താംതരം, ഹയർ സെക്കന്ററി തുല്യത പരീക്ഷകൾക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് ഹെഡ് മാസ്റ്റർ മേൽ പ്രോജക്ട് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന ഹയർസെക്കന്ററി തുല്യത കോഴ്സിൽ 22 പഠിതാക്കളെ രജിസ്റ്റർ ചെയ്യിക്കുകയും കോഴ്സ് ഫീസായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 22 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹ 2,500 പ്രകാരം ₹55,000 യും പത്താംതരം തുല്യത കോഴ്സിൽ 11 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹ 1,850 പ്രകാരം ₹20,350 യും അടവാക്കുന്നതിന് കണ്ണൂർ ജില്ലാ കോ-ഓർഡിനേറ്റർ നിർദ്ദേശിച്ചതനുസരിച്ച് മേൽ ചെലവുതുക കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (ഹയർസെക്കന്ററി അക്കൗണ്ട് നമ്പർ 02880100113107 ലേക്കും പത്താംതരം അക്കൗണ്ട് നമ്പർ 5702696123 ലേക്കും) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതിയും പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും പരീക്ഷ പാസ്സായതിന്റെയും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 എസ്.എസ്.എ - ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, മുണ്ടേരി |
| പ്രോജക്ട് നമ്പർ, പേര് | 48/21, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 10,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹5,00,000 തനത് ഫണ്ട് |
| ആകെ | ₹15,00,000 |
| ചെലവ്,ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 15,00,000 |
| | ₹ 10,00,000, 3/20-21, തീയതി 19-02-2021<br>₹5,00,000 ചെക്ക് നമ്പർ 5838043 തീയതി 8.1.21 |

2020-21 വർഷം മേൽ പ്രോജക്ട് പ്രകാരം മുണ്ടേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ എസ്.എസ്.കെ. കണ്ണൂർ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 799001270000l800 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ₹15,00,000 പിൻവലിച്ച് വിഹിതം നൽകിയിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 28-01-2021 ലെ എ/ എൽ എസ് ജി/20/SSK നമ്പർ കത്തിൽ മുൻവർഷ കുടിശ്ശികയടക്കം ഒടുക്കേണ്ട തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷത്തെ പഞ്ചായത്തിന്റെ ഷെയർ കണക്കാക്കുന്നതിന് പരിഗണിച്ച ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 2020-21 വർഷത്തെ ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള പദ്ധതിയുടെ വിശദമായ ചെലവ് വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. തനതു ഫണ്ടിൽ നിന്നും ₹5,00,000 ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തേക്ക് എസ്.എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ

പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/20-21,18-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച വിവരവും തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 പാലിയേറ്റീവ് പരിചരണം - ക്വട്ടേഷൻ പി.എം.സി അംഗീകരിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല

പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ടിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം വാഹന വാടകയിനത്തിൽ ദിവസം ₹ 1100 രൂപ നിരക്കിൽ പവിത്രൻ എൻ.കെ എന്നയാൾക്ക് നൽകിയിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗരേഖ , 07-03-2019 ലെ സ.ഉ(സാധാ) നം.553/2019 നമ്പർ ഉത്തരവിലെ ഖ.2.8(ബി) പ്രകാരം സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിന /പ്രതിമാസ നിരക്ക് ക്വാട്ട് ചെയ്ത് വാഹനം വാടകക്ക് എടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ക്വട്ടേഷൻ പി.എം.സി അംഗീകരിക്കണമെന്നും ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കുമെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് പി.എം.സി അംഗീകരിച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.33/24-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തത വരുത്തേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-32 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 97ടാപ്പിന്റെ ചാർജായ ₹ 42438 (ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ) പ്രതിമാസം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട് (2020-21 സാമ്പത്തിക വർഷം ആകെ ഒടുക്കിയത് ₹ 509256). നിലവിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് തന്നെയാണോ ഇത്തരത്തിൽ തുക അടവാക്കുന്നതെന്ന് ഉറപ്പ് വരുത്താൻ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ 01-03-2021 തീയതിയിലെ ബിൽ നമ്പർ 49715 ഡിമാന്റ് നോട്ടീസ് പ്രകാരം 28-02-2021 വരെയുള്ള കുടിശ്ശികയായി ₹ 477461 (₹ 8369 പിഴ ഉൾപ്പെടെ) അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ സാഹചര്യം ഓഡിറ്റിനെ അറിയിക്കുന്നതിനും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/20-21, 25-02-2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും സംയുക്ത പരിശോധന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-33 മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ₹ 200000 വൗച്ചർ നം. 220001086/31-03-2021 പ്രകാരം പിൻവലിച്ച് മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 28-12-2021 ന് ശുചിത്വ മിഷന് അയച്ച എ3-6826/21 നമ്പർ കത്തിൽ ₹ 200000 നൽകിയതിൽ ₹ 189981 ചെലവഴിച്ചതായും ₹ 10019 ബാക്കിയുള്ള തായും അറിയിച്ചിട്ടുണ്ട്. ശുചിത്വ മിഷൻ ഡയറക്ടറുടെ 243/ഡി/20-21/എസ്.എം(കെ.എൻ.ആർ) തീ.19-03-2021 നടപടി ക്രമ പ്രകാരം 2020-21 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണത്തിനുള്ള തുക ലഭിച്ചത് 31.03.2021-ന് മാത്രമാണ്. ഇതേ ദിവസംതന്നെയാണ് സെക്രട്ടറി ഈ തുക മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുള്ളത്. തുക ലഭിക്കാൻ വൈകിയ സാഹചര്യത്തിൽ വർഷാരംഭത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ശുചീകരണ പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ₹ 200000 ചെലവഴിച്ചതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Enquiry Number 43, Dated : 25-02-2022) ₹ 189981 യുടെ വിനിയോഗ വിവരം മാത്രമാണ് മറുപടിയായി ലഭ്യമാക്കിയത്. (₹200000 നൽകിയതിൽ ₹189981 ചെലവഴിച്ചു. ₹ 10019 നീക്കിയിരിപ്പുണ്ട്") തനത് ഫണ്ടിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണത്തിനായി തുക ചെലവഴിച്ചുണ്ടെങ്കിൽ അതിന്റെ രേഖകളും ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഫണ്ടിൽ ബാക്കി നിൽക്കുന്ന 10019/- രൂപ തിരിച്ചടച്ചതിന്റേയോ ചെലവഴിച്ചതിന്റേയോ രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-34 ഗുണഭോക്തൃ ലിസ്റ്റ് -ഗുണഭോക്താവിനെ തിരിച്ചറിയാനുള്ള വിവരങ്ങൾ ചേർക്കുന്നില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഗുണഭോക്തൃ ലിസ്റ്റ്

തയ്യാറാക്കുമ്പോൾ പേര് മാത്രമേ ചേർത്തിട്ടുള്ളൂ. ഇവരെ തിരിച്ചറിയാൻ ആവശ്യമായ വ്യക്തിവിവരങ്ങൾ (വാർഡ് നമ്പർ, വീട്ടുപേര്/വീട്ടു നമ്പർ, ഫോൺ നമ്പർ, ആധാർ നമ്പർ എന്നിവ) പേരിനോടൊപ്പം ചേർക്കുന്നില്ല. കൂടുതൽ ഗുണഭോക്താക്കളുള്ള പ്രോജക്ടുകളിൽ ഒന്നിലധികം കർഷകർക്ക് ഒരേ പേര് വരുമ്പോൾ ഇവരെ തിരിച്ചറിയാൻ സധിക്കുന്നില്ല. ആയതിനാൽ തന്നെ യഥാർത്ഥ ഗുണഭോക്താവിനു തന്നെയാണോ ആനുകൂല്യം അനുവദിച്ചത് എന്ന് ഉറപ്പു വരുത്തുവാൻ സാധിക്കുന്നില്ല. വരും വർഷങ്ങളിൽ പ്രോജക്ടുകളിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ ഇവരെ തിരിച്ചറിയാൻ ആവശ്യമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ ബിലോ ഈടാക്കിയതിൽ കുറവ് ₹ 1865 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | സംസം സ്റ്റോപ്പ് പോസ്റ്റ് റോഡ് റീടാറിംഗ് -163/21 |
| അടങ്കൽ | 3,70,705(റോഡ് ) |
| ചെലവ്,ബിൽ നം &തീയതി | 3,63,686- 2019015201780144l272/Dt 30.3.2021 |
| കരാറുകാരൻ | എം.എം ജോയ് |
| കരാർ തുക | 3,54,265.61 |
| ടെണ്ടർ ബിലോ | 8.27%കുറവ് |
| പ്രവൃത്തി മൂല്യം | 3,54,265.61 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/MDR/21/20-21 Dt 15.10.2020 |
| എം ബുക്ക് | 30/20-21 |

പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്നു

1- ടെണ്ടർ ബിലോ 8.27% ഈടാക്കേണ്ടതിന് പകരം 7.8 % ആണ് കുറവ് ചെയ്തത്

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം | 3,54,265.61 | 3,54,265.61 | 0 |
| ടെണ്ടർ കുറവ് 7.8%കുറവ് | 27,632.67 | 29,297.76 | 1665.09 |
| +ജി എസ് ടി | 39,196 | 38,996 | 200 |
| ആകെ നൽകിയത് | 3,65,828.94 | 3,63,963.85 | 1865.09 |

തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് ( 19/21.2.2021 )മറുപടി നൽകിയിട്ടുണ്ട്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 21.2.2022, 22.2.2022 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 326/2022 തീയതി 12.04.2021 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 1105000 | സമഗ്ര നെൽ കൃഷി വികസന പദ്ധതി 29/21 | 1105000 | 0 |
| | 127500 | ഗ്രാമീണ സംയോജിത പച്ചക്കറി കൃഷി വികസനം(വനിത)32/21 | 127500 | 0 |
| | 150000 | ഗ്രാമീണ സംയോജിത പച്ചക്കറി കൃഷി വികസനം(വനിത)71/21 | 150000 | 0 |
| | 200000 | ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി -56/21 | 200000 | 0 |
| | 170350 | പാലിയേറ്റീവ് പരിചരണം50/21 | 170350 | 0 |
| | 440000 | ലൈഫ് പദ്ധതി-ഭവന നിർമ്മാണം(എസ്.സി) | 440000 | |
| ആകെ | 2192850 | | 2192850 | |
| കണ്ണൂർജില്ല പഞ്ചായത്ത് | 13600 | കരനെൽകൃഷി പ്രോത്സാഹനം 194/21 | 13600 | 0 |
| | 45000 | പച്ചക്കറി തൈ വിതരണം 197/21 | 45000 | 0 |
| | 104858 | കാർഷിക സ്വയം പര്യാപ്ത ഗ്രാമങ്ങൾ-198/21 | 104858 | 0 |
| | 100000 | തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ(പച്ചക്കറി) -215/21 | 100000 | 0 |
| | 300000 | തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ(നെൽകൃഷി ) -216/21 | 300000 | 0 |
| | 187198 | പാലുല്പാദന ബോണസ് പദ്ധതി-72/21 | 187198 | 0 |
| | 312500 | കന്ന്കുട്ടികളെ ദത്തെടുക്കൽ-200/21 | 312500 | 0 |
| | 69520 | പാലിയേറ്റീവ് പരിചരണം പദ്ധതി-50/21 | 69520 | 0 |
| | 49487 | വീട്ട് വളപ്പിൽ ബയോ ഫ്ലോക്ക് (ഗിഫ്റ്റ് തിലാപ്പിയ)-199/21 | 49487 | 0 |
| | 59882 | വീട്ട് വളപ്പിൽ മത്സ്യകൃഷി | 59882 | 0 |

| | | | | |
|---|---|---|---|---|
| | | (പട്ടതാക്കളും)-201/21 | | |
| | 200000 | ക്ഷീര കർഷകർക്ക് പാലുല്പാദനത്തിന് ധനസഹായം - 56/21 | 200000 | 0 |
| | 400000 | ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – 41/21 | 400000 | 0 |
| ആകെ | 1842045 | | 1842045 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം / ചെക്ക് നം | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രപ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ | 20190152015901157657 തീയതി | 6,98,088 | 6,98,088 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂളിൽ ₹1700 സ്ഥിരനിക്ഷേപമായി കാണിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.ഇത് ലഭ്യമാക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ &തീയതി |
|---|---|---|---|---|
| 2012-13,2013-14 | 3-5(2) | 200 | ഷാലിമ . സീനിയർ ക്ലാർക്ക് | 120010106672/1.3.2021 |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള തുകയാണ് രേഖപ്പെടുത്തിയത്

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 അനുബന്ധം4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,36,48,818.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,09,33,419.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,865 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,59,652 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 (1-20) | | 1865 | പ്രിയ.എ (അസിസ്റ്റന്റ് എഞ്ചിനിയർ ) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2,00,000 | ഡോ.പത്മരാജ് .പി.കെ (വെറ്റിനറി സർജ്ജൻ) |
| 1-18(1) | 4,99,890 | ശ്രീമതി.ശ്രീലത.സി .കെ (ഐസിഡി എസ് സൂപ്പർവൈസർ) |
| 1-18(2) | 1,99,850 | ശ്രീമതി.ശ്രീലത.സി .കെ (ഐസിഡി എസ് സൂപ്പർവൈസർ) |
| 1-18(3) | 50,000 | ശ്രീമതി.ശ്രീലത.സി .കെ (ഐസിഡി എസ് സൂപ്പർവൈസർ) |
| 1-23 | 8,22,769 | ശ്രീ.ജയരാജ് (അസിസ്റ്റന്റ് എഞ്ചിനിയർ ) |
| | 1,57,723 | ശ്രീ.മുഹമ്മദ് നിയാസ് (അസിസ്റ്റന്റ് എഞ്ചിനിയർ ) |

| | | |
|---|---|---|
| 1-26 | 497960 | ശ്രീ.പ്രകാശൻ കെ. (സെക്രട്ടറി) |
| 1-27 | 91,580 | ശ്രീ.ചന്ദ്രൻ.കെ.വി (ഹെഡ്മാസ്റ്റർ) |
| 1-28 | 39,880 | |
| ആകെ | 25,59,652 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| പ്രിയ.എ (അസിസ്റ്റന്റ് എഞ്ചിനിയർ ) | (അസിസ്റ്റന്റ് എഞ്ചിനിയർ ) എൽ എസ് ജി ഡി സെക്ഷൻ മുണ്ടേരി ഗ്രാമ പഞ്ചായത്ത് | പ്രിയ.എ ആലക്കാട്ട് ഹൌസ് , കൊറ്റാളി |
| ശ്രീ.ജയരാജ് (അസിസ്റ്റന്റ് എഞ്ചിനിയർ ) | (മുനിസിപ്പൽ എഞ്ചിനിയർ ) തലശ്ശേരി നഗരസഭ | ജയരാജ് പൌർണ്ണമി , വളവിൽ പീടിക മാമ്പ |
| ശ്രീ.മുഹമ്മദ് നിയാസ് (അസിസ്റ്റന്റ് എഞ്ചിനിയർ ) | (അസിസ്റ്റന്റ് എഞ്ചിനിയർ ) എൽ എസ് ജി ഡി സെക്ഷൻമുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് | അൽമന , സീതി സാഹിബ് റോഡ് , തലശ്ശേരി 4 |
| ഡോ.പത്മരാജ് .പി.കെ (വെറ്ററിനറി സർജ്ജൻ) | (വെറ്റിനറി സർജ്ജൻ) മുണ്ടേരി ഗ്രാമ പഞ്ചായത്ത് | പത്മശ്രീ,മുണ്ടേരി (പി ഒ) |
| ശ്രീമതി.ശ്രീലത.സി .കെ (ഐസിഡിഎസ് സൂപ്പർവൈസർ) | ഐസിഡി പി ,കണ്ണൂർ അർബൻ | ശ്രീനാരായണ, മുഴപ്പിലങ്ങാട് |
| ശ്രീ.ചന്ദ്രൻ.കെ.വി (ഹെഡ്മാസ്റ്റർ) | റിട്ടയർ ചെയ്തു | താഴത്ത് വീട് മുണ്ടേരി |
| ശ്രീ.പ്രകാശൻ കെ., സെക്രട്ടറി | സെക്രട്ടറി, കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | കൊയിളരി ഹൗസ്, കണ്ണാടിപറമ്പ് |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം</u>

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ./ കെ.എൻ.ആർ/.സി6/786/19 തീ.11.06.2019 | 2 |
| 2004-05 | കെ.എസ്.എ./കെ.എൻ.ആർ./ സി6/786/19 തീ.11.06.2019 | 1 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 0 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 3 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 1 |
| 2010-11 2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 4 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 10 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 5 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 12 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി6/786/19 തീ.11.06.2019 | 5 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ/സി6/ 1944/18 തീ.19.12.2018 | 4 |
| 2018-19 | കെ എസ് എ/ *കെ എൻ ആർ*/ സി -6/ 01/2021 തീ.15.01.2021 | 33 |
| 2019-20 | കെ എസ് എ/ *കെ എൻ ആർ*/ സി -6/ 1048/2021 തീ.28.01.2022 | 11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Munderi Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 42304404.50 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1263110.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 803767.00 |
| 150000000 | Sale & Hire Charges | RP-5 | 115638.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 68582007.00 |
| 171000000 | Interest Earned | RP-9 | 111204.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6849144.00 |
| 350000000 | Other Liabilities | RP-36 | 224779.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 40.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 57701.00 |
| 340000000 | Deposits Received | RP-34 | 160967.00 |
| 350000000 | Other Liabilities | RP-36 | 527671.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4903790.00 |
| 460000000 | Loans, Advances and Deposits | RP-47 | 48000.00 |
| | **Grand total** | | **125953222.50** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2701942.00 |
| 220000000 | Administrative Expenses | RP-12 | 1154593.00 |
| 230000000 | Operations & Maintenance | RP-13 | 1701772.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11052916.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19678480.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2333150.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 70213.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1105080.00 |
| 255000000 | Maintenance Projects | RP-20 | 7197443.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -2971144.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 54291.00 |
| 350000000 | Other Liabilities | RP-36 | 7238614.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 180.00 |
| 311000000 | Earmarked Funds | RP-29 | 30000.00 |
| 340000000 | Deposits Received | RP-34 | 20700.00 |
| 350000000 | Other Liabilities | RP-36 | 2129812.00 |
| 410000000 | Fixed Assets | RP-38 | 23938435.00 |
| 412000000 | Capital work in Progress | RP-40 | 1307599.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 20545336.00 |
| 460000000 | Loans, Advances and Deposits | RP-47 | 1639007.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 24965181.50 |
| Cash | Cash | RP-40(b) | 54622.00 |
| | **Grand Total** | | **125953222.50** |

## Annex 3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Munderi Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6310685.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 59750.00 |
| 140000000 | Fee & User Charges | I-4(b) | 1078687.00 |
| 150000000 | Sale & Hire Charges | I-5(b) | 115638.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 179451141.00 |
| 171000000 | Interest Earned | I-8 | 111204.00 |
| 180000000 | Other Income | I-9 | 40.00 |
| | **Total Income** | | **187127145.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10667446.00 |
| 220000000 | Administrative Expenses | I-11(b) | 1176682.00 |
| 230000000 | Operations & Maintenance | I-12(b) | 2558698.00 |
| 240000000 | Interest & Finance Charges | I-13 | 180.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12262341.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 55622552.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 2547650.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 70213.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 80480180.00 |
| 255000000 | Maintenance Projects | I-14(e) | 7197443.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 270000000 | Provisions and Write off | I-16 | 6974.00 |
| 272000000 | Depreciation | I-17(a) | 14612652.00 |
| | **Total Expenditure** | | **187208011.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-80866.00** |
| 280000000 | Prior Period Item | I-18 | -2897273.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **2816407.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex 3-3

## ബാലൻസ് ഷീറ്റ്

| Munderi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 57623464.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 168427.00 |
| 312000000 | Reserves | B-3 | 46972908.00 |
| | **Total Reserve & Surplus** | | **104764799.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5476627.50 |
| | **Total Grants, Contributions for Specific Purposes** | | **5476627.50** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 813645.00 |
| 341000000 | Deposits Works | B-8 | 11324.00 |
| 350000000 | Other Liabilities | B-9 | 1483274.00 |
| | **Total Current Liabilities and Provisions** | | **2308243.00** |
| | **TOTAL LIABILITIES** | | **112549669.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 106225252.00 |
| 411000000 | Accumulated Depreciation | B-11 | -41885480.00 |
| 412000000 | Capital Work in Progress | B-11(a) | 1261975.00 |

| | | | |
|---|---|---|---|
| | **Total Fixed Assets** | | **65601747.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1700.00 |
| | **Total Investments** | | **1700.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 20889147.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 25019803.50 |
| 460000000 | Loans, Advances and Deposits | B-18 | 1037272.00 |
| | **Total Current Assets, Loans and Advances** | | **0.0** |

| | |
|---|---|
| **Total Current Assets, Loans and Advances** | **46946222.50** |
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| **TOTAL ASSETS** | **112549669.50** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.